ചെറുകിട ലോട്ടറി ഏജന്റുമാർക്ക് രജിസ്ട്രേഷനും ഫീസും പഴയ നിരക്കിൽ നിലനിർത്തുവാൻ നടപടി

18 [5472] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ലോട്ടറി റൂൾസ് നടപ്പിലാക്കിയത് എപ്പോഴാണ്;

(ബി) സർക്കാർ ഈ റൂൾസ് റദ്ദാക്കിയിട്ടുണ്ടോ;

(സി) ഇതനുസരിച്ച് ചെറുകിട ലോട്ടറി ഏജന്റുമാർക്ക് രജിസ്ട്രേഷനും വാർഷിക പുതുക്കലിനും ഏർപ്പെടുത്തിയ ഫീസും നിലവിലുള്ള ഫീസും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സമൂഹത്തിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നവരും, വികലാംഗരും രോഗികളുമാണ് ചെറുകിട ലോട്ടറി ഏജന്റുമാരിൽ ഭൂരിപക്ഷമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്രയും ഭാരിച്ച രജിസ്ട്രേഷൻ, പുതുക്കൽ ഫീസുകൾ പിൻവലിച്ച് പഴയ നിരക്കുകൾ നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ ലോട്ടറി റൂൾസ് 16-7-2003-ൽ നിലവിൽ വന്നു.

(ബി) ഇല്ല.

(സി) നിലവിലുണ്ടായിരുന്ന രജിസ്ട്രേഷൻ ഫീസ് 25 രൂപയും പുതുക്കൽ ഫീസ് 10 രൂപയും ആയിരുന്നു. ഇത് യഥാക്രമം 400 രൂപയും, 100 രൂപയും ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ഓഡിറ്റിംഗിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകളിലെ തുക തിരിച്ചുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനം

19 [5473] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റിംഗിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകളിലെ തുക തിരിച്ചുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ റവന്യൂ റിക്കവറി വഴി തുക ഈടാക്കാൻ സംവിധാനം ഇല്ലെങ്കിൽ അത് ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) ഓഡിറ്റ് വകുപ്പ് തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചശേഷം സർക്കാർ തലത്തിൽ തുക ഒഴിവാക്കാൻ നിർദ്ദേശം ഉണ്ടായിട്ടുള്ള എത്ര കേസ്സുകൾ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഉണ്ടായിട്ടുണ്ടെന്നും ഈ വകയിൽ എത്ര രൂപ ഒഴിവാക്കിക്കൊടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly